(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽനിന്ന് ആർക്കും അപ്രകാരം ജോലി കൊടുത്തിട്ടില്ല.

ഇറിഗേഷനും കൃഷിയും വകുപ്പു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ പ്യൂൺ ആയിരുന്ന ശ്രീ. എം. ഗോപാലകൃഷ്ണനെ കേരള സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ്സിൽ പ്യൂൺ ആയി ജോലികിട്ടുകയും അയാളെ ആവശ്യപ്പെട്ടതനുസരിച്ച് 8-1-70 ൽ പേഴ്സണൽ സ്റ്റാഫിൽ നിന്നു പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

എണ്ണപ്പന കൃഷി

* 183 (705) ശ്രീ. കെ. പുരുഷോത്തമൻപിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവുംമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്ലാൻേറഷൻ കോർപ്പറേഷൻെറ കീഴിൽ സംസ്ഥാനത്ത് എവിടെയെങ്കിലും എണ്ണപ്പന കൃഷിചെയ്യാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ, എത്ര ഏക്കർ?

കൃഷിയും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. ഒ. കോരൻ):

(എ) എണ്ണപ്പന കൃഷിചെയ്യാൻ പദ്ധതിയുണ്ട് പ്ലാൻേറഷൻ കോർപ്പറേഷൻ വഴിയാണോ കൃഷി നടത്തേണ്ടതു് എന്നു തീരുമാനിച്ചിട്ടില്ല

(ബി) കൊല്ലം ജില്ലയിൽ അഞ്ചൽ റിസർവ്വ് ഫാറസ്റ്റിൽ 500 ഏക്കർ സ്ഥലത്ത്.

ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ പ്രസ്താവന

* 184 (706) ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സത്യസന്ധവും മാന്യവുമായ മാർഗ്ഗങ്ങളിലൂടെയുള്ള ഭൂരിപക്ഷമല്ല കേരള മുഖ്യമന്ത്രി അച്യുതമേനോനെ നിയമസഭയിൽ ഉള്ളതെന്നു മുൻ മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാട് ഡെൽഹിയിൽവച്ച് പ്രസ്താവിച്ചത് 20-1-1970-ലെ കേരളകൗമുദിയിൽ റിപ്പോർട്ട് ചെയ്തത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് നിഷേധിക്കപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) ഉണ്ട്.

(ബി) പത്രത്തിൽ റിപ്പോർട്ടു ചെയ്തത് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ വ്യക്തിപരമായ അഭിപ്രായമായിരിക്കാം. ഇപ്രകാരമുള്ള പ്രസ്താവനകളെല്ലാം നിഷേധിക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly